കാണപ്പെട്ടു. അതിൽ, 2 ഗുളികകൾ താൻ കഴിച്ചിട്ടുള്ളതായി അയാൾ പറഞ്ഞു. ഉടൻ തന്നെ അയാളെ കട്ടപ്പന ആശുപത്രിയിൽ എത്തിച്ചു 3.05 പി. എം. ന് ആശുപത്രിയിൽ എത്തിയ ടിയാൻ 4.15 നു മരണമടഞ്ഞു.

വിവരമറിഞ്ഞു നെടുംകണ്ടം സർക്കിൾ ഇൻസ്പെക്ടർ കട്ടപ്പന പോലീസ് സ്റ്റേഷനിൽ എത്തി. ക്രൈം നമ്പർ 214/78 അണ്ടർ സെക്ഷൻ 'അൺനാച്ചുറൽ ഡെത്ത്' എന്ന ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ഇടുക്കി അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിനെക്കൊണ്ട് മൃതദേഹം ഇൻക്വസ്റ്റു നടത്തിക്കുകയും ചെയ്തു. കോട്ടയം മെഡിക്കൽ കോളേജ് ഫോറൻസിക് പ്രൊഫസർ അഭിപ്രായപ്പെട്ടിട്ടുള്ളത് വിഷം കഴിച്ചതുമൂലം മരണം സംഭവിച്ചു എന്നാണ്.

(ഇ, എഫ്) വിഷം കഴിച്ചുള്ള ആത്മഹത്യയാണെന്ന് തെളിഞ്ഞതുകൊണ്ട് ആരുടേയും പേരിൽ നടപടി എടുത്തിട്ടില്ല.

ശൂരനാട് പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതികൾ

649 [941] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശൂരനാട് പോലീസ് സ്റ്റേഷനിൽ 1978 ജനുവരി ഒന്നിനു ശേഷം മർദ്ദനത്തിനു വിധേയരായ ഹരിജനങ്ങളുടെ എത്ര പരാതികൾ ലഭിച്ചു;

(ബി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഹരിജനങ്ങളോടും അതുപോലെ പാവപ്പെട്ട ആളുകളോടും നീതിപൂർവ്വകമായല്ല ശൂരനാട് പോലീസ് സ്റ്റേഷനിലെ ഭൂരിപക്ഷ ഉദ്യോഗസ്ഥൻമാരും പെരുമാറുന്നതെന്ന് തെളിവുകൾ സഹിതം ഹാജരാക്കിയാൽ അവർക്കെതിരെ കർശനമായ ശിക്ഷണനടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) 1978 ൽ 29.
1979 ൽ 4.

(ബി) 1978 ൽ ആറും (6) 1979 ൽ രണ്ടും (2) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1978 ലെ നാലും 1979 ലെ ഒന്നും കേസ് കോടതിയിൽ വിചാരണയിലാണ്.

(സി) തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly